"കെയർ" ന്റെ പ്രവർത്തനം

113. [115] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
,, കൊരംപയിൽ അഹമ്മദ് ഹാജി :
,, എം. പി. എം. ഇസ്ഹാക് കുരിക്കൾ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "കെയർ" ന്റെ കേരളത്തിലെ പ്രവർത്തനം നിറുത്തിവച്ചിട്ടുണ്ടോ ;

(ബി) "കെയർ" കേരളത്തിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ;

(സി) ഇതിൽ ഏതെങ്കിലും പദ്ധതി തുടർന്നു നടത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഈ വർഷം ഡിസംബർ അവസാനത്തോടുകൂടി കെയറിന്റെ കേരളത്തിലെ പ്രവർത്തനം നിറുത്തലാക്കുന്നതാണ്.

(ബി) ഐ സി. ഡി എസ്. ലെ പോഷകാഹാരം പരിപാടി, സമഗ്ര മാതൃശിശുസംരക്ഷണ പരിപാടി അനുസരിച്ചുള്ള പോഷകാഹാര വിതരണം, സമഗ്ര ആരോഗ്യ-സംരക്ഷണ പദ്ധതി, പ്രയുക്ത പോഷകാഹാര പരിപാടി, സ്കൂളുകളിലെ ഉച്ചഭക്ഷണപരിപാടി എന്നിവ "കെയർ"ന്റെ സഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു. സമഗ്രമാതൃ ശിശുസംരക്ഷണ പരിപാടിയനുസരിച്ച് ബാലവാടി കെട്ടിടങ്ങൾ പണിയുന്നതിനും ബാലവാടി അദ്ധ്യാപകരുടെ പരിശീലനത്തിനും, മഹിളാ കൃഷിത്തുകൾ നടത്തുന്നതിനും മഹിളാ സമാജങ്ങൾവഴി ആടുവിതരണം നടത്തുന്നതിനും ഉള്ള ധനസഹായവും 'കെയർ' നൽകുന്നുണ്ട്. കൂടാതെ വെയിംഗ് സ്കെയിലുകൾ, ഗ്രോത്ത് ചാർട്ടുകൾ പോഷകാഹാര വിദ്യാഭ്യാസത്തിനുതകുന്ന ലഘുലേഖകൾ, രേഖാ ഗ്രന്ഥങ്ങൾ എന്നിവ 'കെയർ' വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

(സി) സ്കൂളിലെ ഉച്ചഭക്ഷണ പരിപാടിയൊഴിച്ച് മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ പോഷകാഹാരവിതരണ പരിപാടികളും ലോകഭക്ഷ്യ പരിപാടിയുടെകീഴിൽ തുടർന്നും കൊണ്ടുപോകുന്നതാണ്. സ്കൂളിലെ ഉച്ചഭക്ഷണ പരിപാടി കെയറിന്റെ സഹായത്തോടുകൂടി തുടർന്നു കൊണ്ടുപോകാനാകുമോ എന്ന് ഗവൺമെന്റ് 'കെയർ' അധികൃതരുമായി ആലോചിക്കുന്നുണ്ട്.

ഗവൺമെന്റ് സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി പ്രത്യേക പദ്ധതികൾ

* 114. [116] ശ്രീ. പി. പി. തങ്കച്ചൻ :
,, ബെന്നിബഹനാൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്കൽ :
,, കെ. സി. ജോസഫ് :
,, രാഘവൻ പൊഴക്കടവിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് സ്കൂളുകളുടെ കെട്ടിട നിർമ്മാണ

LIBRARY ARCHIVES Kerala Legislative Assembly